Sl. No.

# SSLC MODEL EXAMINATION, FEBRUARY - 2020

## SOCIAL SCIENCE

(Malayalam)

Time : 2½ Hours | Total Score : **80**

**നിർദ്ദേശങ്ങൾ :**

* ആദ്യത്തെ **15** മിനിറ്റ് സമയം സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കാവുന്നതാണ്.
* **PART - A** യിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. **PART - B** യിലെ ഓരോ ചോദ്യനമ്പറിലും ഉൾപ്പെടുത്തിയിരിക്കുന്ന രണ്ട് ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് മാത്രമേ ഉത്തരമെഴുതേണ്ടതുള്ളൂ.

**Score**

### PART - A

1. ധാതുക്കളുടെ കലവറ എന്ന് വിളിക്കുന്ന ഭൂപ്രകൃതി വിഭാഗമേത് ? **1**
   (a) ഉത്തരമഹാസമതലം (b) ഉപദ്വീപീയപീഠഭൂമി
   (c) ഹിമാലയപർവ്വതം (d) തീരസമതലങ്ങൾ

2. ക്യാപ്റ്റൻ ലക്ഷ്മിയുമായി ബന്ധപ്പെട്ടിരിക്കുന്ന സംഘടന : **1**
   (a) അഖിലേന്ത്യാ ട്രേഡ് യൂണിയൻ കോൺഗ്രസ്.
   (b) അഖിലേന്ത്യാ കിസാൻ സഭ.
   (c) ഹിന്ദുസ്ഥാൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ അസോസിയേഷൻ.
   (d) ഇന്ത്യൻ നാഷണൽ ആർമി.

3. യൂണിയൻ പബ്ലിക് സർവീസ് കമ്മിഷന്റെ ചെയർമാനെ നിയമിക്കുന്നത് ആരാണ് ? **1**
   (a) പ്രധാനമന്ത്രി (b) രാഷ്ട്രപതി (c) ഗവർണർ (d) ഉപരാഷ്ട്രപതി

4. നവംബർ മുതൽ മാർച്ച് വരെയുള്ള ഇന്ത്യയിലെ കാർഷിക കാലമേത് ? **1**
   (a) ഖാരിഫ് (b) സൈദ് (c) ഗ്രീഷ്മം (d) റാബി

5. സവിശേഷബാങ്കിന് ഒരു ഉദാഹരണമാണ് : **1**
   (a) എക്സിം ബാങ്ക് ഓഫ് ഇന്ത്യ (b) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
   (c) കാനറാ ബാങ്ക് (d) ഇന്ത്യൻ ഓവർസീസ് ബാങ്ക്

Score

6. ഉപദ്വീപീയ നദികളുടെ പൊതുവായ സവിശേഷതകൾ എഴുതുക. 3

7. ഇലക്ട്രോണിക് ബാങ്കിങ് ഇടപാടുകാർക്ക് സഹായകമാകുന്നതെങ്ങനെ ? 3

8. ഉദ്യോഗസ്ഥവൃന്ദത്തിന്റെ ഏതെങ്കിലും മൂന്ന് സവിശേഷതകൾ എഴുതുക. 3

9. സമൂഹശാസ്ത്ര പഠനത്തിന് ഏറ്റവും അനുയോജ്യമായ ഒരു പഠനരീതിയാണ് സർവേ. പ്രസ്താവന സാധൂകരിക്കുക. 3

10. പാരമ്പര്യ ഊർജ്ജ സ്രോതസുകളെ പാരമ്പര്യേതര ഊർജ്ജ സ്രോതസുകളുമായി താരതമ്യം ചെയ്യുക. 3

11. A കോളത്തിന് അനുയോജ്യമായവ B കോളത്തിൽ നിന്നും കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക. 4

| A | B |
|---|---|
| ശ്രീനാരായണഗുരു | വൈക്കം സത്യ ഗ്രഹം |
| ടി.കെ. മാധവൻ | ആന്ധ്രകേസരി |
| എ.കെ. ഗോപാലൻ | ശ്രീനാരായണ ധർമ്മപരിപാലനയോഗം |
| ടി. പ്രകാശം | ഗുരുവായൂർ സത്യാഗ്രഹം |

12. ധനനയം എന്നാലെന്ത് ? ധനനയത്തിന്റെ ഏതെങ്കിലും മൂന്ന് ലക്ഷ്യങ്ങൾ എഴുതുക ? 4

13. ഇന്ത്യയിലെ പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയിലേക്ക് നയിച്ച കാരണങ്ങൾ വിശദമാക്കുക. 4

14. നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ എന്തെല്ലാമായിരുന്നു ? 4

15. ചുവടെ തന്നിട്ടുള്ള ഭൂവിവരങ്ങളെ നല്കിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക. 4

(A) വിന്ധ്യാ നിരകൾ

(B) മിസോകുന്നുകൾ

(C) മഹാനദി

(D) ചെന്നൈ തുറമുഖം

Score

## PART - B

16. ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിന് വഴിയൊരുക്കിയ ഏതെങ്കിലും മൂന്ന് ചിത്രങ്ങളുടെ പേരെഴുതുക. 3

**അല്ലെങ്കിൽ**

ഇന്ത്യയിലെ സംസ്ഥാന പുന സ്സംഘടനാ കമ്മിഷൻ അദ്ധ്യക്ഷൻ ആരായിരുന്നു ? സംസ്ഥാന പുനസ്സംഘടനയുടെ വിവിധ ഘട്ടങ്ങൾ വിവരിക്കുക.

17. വിഷുവങ്ങളെപ്പറ്റി ഒരു ലഘു കുറിപ്പെഴുതുക. 3

**അല്ലെങ്കിൽ**

കോറിയോലിസ് ബലം എന്നാലെന്ത് ? ഉത്തരാർധ ഗോളത്തിലും ദക്ഷിണാർധ ഗോളത്തിലും ഈ ബലം കാറ്റുകളെ എങ്ങനെ സ്വാധീനിക്കുന്നു ?

18. സ്വാമി വിവേകാനന്ദൻ സ്ഥാപിച്ച പരിഷ്കരണ പ്രസ്ഥാനമേത്? അദ്ദേഹത്തിന്റെ ആശയങ്ങൾ എന്തെല്ലാമാണ് ? 3

**അല്ലെങ്കിൽ**

ഇന്ത്യയും ചൈനയും പഞ്ചശീലതത്വങ്ങൾ ഒപ്പിട്ട വർഷമേത് ? പഞ്ചശീലതത്വങ്ങൾ ഒപ്പിട്ട നേതാക്കളുടെ പേരെഴുതുക.

19. സമഗ്രശിക്ഷാ അഭിയാൻ (SSA) രാഷ്ട്രീയ ഉച്ചതൽ ശിക്ഷാ അഭിയാൻ (RUSA) എന്നിവയുടെ ലക്ഷ്യങ്ങൾ താരതമ്യം ചെയ്യുക. 4

**അല്ലെങ്കിൽ**

1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമം അനുശാസിക്കുന്ന ഉപഭോക്താക്കളുടെ അവകാശങ്ങൾ വിവരിക്കുക.

20. രാഷ്ട്രത്തിന്റെ വിവേചനപരമായ ചുമതലകൾ എന്തെല്ലാമാണ് ? 4

**അല്ലെങ്കിൽ**

സംഘടനകൾ, മാധ്യമങ്ങൾ എന്നിവയിലൂടെ പൗരബോധം എങ്ങനെ വളർത്തിയെടുക്കാം എന്ന് വിശദമാക്കുക.

Score

21. നല്കിയിട്ടുള്ള മാതൃകാ റഫറൻസ് ഗ്രിഡുകൾ വിശകലനം ചെയ്ത് താഴെ പറയുന്നവ കണ്ടെത്തു. 4



(i) ഗ്രിഡുകളിൽ കാണിച്ചിട്ടുള്ള ഒരേയൊരു ഭൗതിക സവിശേഷതയേത് ?

(ii) 7335 എന്ന നാലക്ക ഗ്രിഡ് റഫറൻസ് എന്തിനെ സൂചിപ്പിക്കുന്നു ?

(iii) 708363 എന്ന ആറക്ക ഗ്രിഡ് റഫറൻസ് എന്തിനെ സൂചിപ്പിക്കുന്നു ?

(iv) കുഴൽകിണറിന്റെ സ്ഥാനം ആറക്ക ഗ്രിഡ് റഫറൻസ് രീതിയിൽ കണക്കാക്കുക.

**അല്ലെങ്കിൽ**

ആകാശീയ വിദൂരസംവേദനം എന്നാലെന്ത് ? ആകാശീയ ചിത്രങ്ങളിലെ 'ഓവർലാപ്പും' അതിന്റെ പ്രാധാന്യവും വിശദമാക്കുക.

22. സാധനങ്ങൾ വാങ്ങുമ്പോഴും സേവനങ്ങൾ ഉപയോഗപ്പെടുത്തുമ്പോഴും ഒരു ഉപഭോക്താവ് പ്രതീക്ഷിക്കുന്നത് എന്തെല്ലാമാണ് ? 4

**അല്ലെങ്കിൽ**

മാനവ വിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ വിശദമാക്കുക.

23. രാഷ്ട്ര രൂപീകരണത്തിന് അനിവാര്യമായ ഒരു ഘടകമാണ് ജനങ്ങൾ. പ്രസ്താവന സാധൂകരിക്കുക. 4

**അല്ലെങ്കിൽ**

പൗരബോധം രൂപപ്പെടുന്നതിൽ സ്വാധീനിക്കുന്ന വിവിധ ഘടകങ്ങൾ ഏതെല്ലാമാണ് ?

Score

24. അസ്ഥിരവാതങ്ങൾ എന്നാലെന്ത് ? ചക്രവാതങ്ങളും പ്രതിചക്രവാതങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളെന്തെല്ലാം? 5

**അല്ലെങ്കിൽ**

പ്രാദേശിക സമയം, സ്റ്റാൻഡേർഡ് സമയം, ഗ്രീനിച്ച് സമയം എന്നിവ എന്തെന്ന് വ്യക്തമാക്കുക. ഗ്രീനിച്ച് സമയം 2 pm ആയിരിക്കുമ്പോൾ താഴെപറയുന്ന രേഖാംശങ്ങളിലെ പ്രാദേശിക സമയം നിർണ്ണയിക്കുക.

(i) 82°30' കിഴക്ക്

(ii) 82°30' പടിഞ്ഞാറ്

25. തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഫ്രഞ്ച് വിപ്ളവത്തെ വിശകലനം ചെയ്യുക. 6

**സൂചകങ്ങൾ :**

* മൂന്നാം എസ്റ്റേറ്റും അവരുടെ പങ്കും.
* ഫ്രഞ്ച് വിപ്ളവത്തിന്റെ സ്വാധീനം.

**അല്ലെങ്കിൽ**

ഇറ്റലിയിലെ ഫാഷിസത്തിന്റെ ഉദയവും വളർച്ചയും വിവരിക്കുക.

**സൂചകങ്ങൾ :**

* ഇറ്റലിയിൽ ഫാഷിസ്റ്റ് പാർട്ടി അധികാരത്തിലെത്താൻ സഹായിച്ച സാഹചര്യങ്ങൾ.
* മുസ്സോളിനിയുടെ നയങ്ങൾ.

-o0o-